## നഗരകാര്യ റീജിയണണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി-കൊച്ചി പള്ളുരുത്തി വില്ലേജിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.ആന്റണി ഷൈജു എ.എ.-യുടെ ലൈസൻസ് റദ്ദ ചെയ്തിട്ടുള്ളത് പുനഃപരിശോധിച്ച് സൂപ്പർവൈസർ-എ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ്പുറപ്പെടുവിക്കുന്നു.

==========================================================================

ജി6-3206/18 തീയതി: 08.02.2019 കൊച്ചി

==========================================================================

പരാമർശം
1 ശ്രീ.ആന്റണി ഷൈജു.എ.എ.യുടെ 22.9.18-ലെ അപേക്ഷ
2 കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 10.4.15-ലെ ജി6-287/15 നമ്പർ ഉത്തരവ് നടപടികൾ
3 21.11.18 തീയതിയിലെ ഹിയറിംഗ് നോട്ടീസ്
4 11.12.18-ന് കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ നടത്തിയ ഹിയറിംഗ്
5 ശ്രീ.ആന്റണി ഷൈജു.എ.എ. സമർപ്പിച്ചിട്ടുള്ള 29.12.18-ലെ വിശദീകരണം

## ഉത്തരവ്

പരാമർശം (1)പ്രകാരം ശ്രീ.ആന്റണി ഷൈജു.എ.എ ടിയാന്റെ ജി6-2/32/14/674/എസ്എ തീയതി 26.9.14 നമ്പർ സൂപ്പർവൈസർ-എ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുക യുണ്ടായി. എന്നാൽ കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്നതും എസ്.ബി.ഐ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കെ.എം.ബി. ആർ ലംഘനങ്ങളോടുകൂടി പ്ലാനും കംപ്ലീഷൻ പ്ലാനും സമർപ്പിച്ച ലൈസൻസി എന്ന നിലയിൽ രജിസ്റ്റേഡ് സൂപ്പർവൈസറായ ശ്രീ.ആന്റണി ഷൈജു.എ.എ.യുടെ ജി6-367/08/81/എസ്.ബി രജിസ്ട്രേഷൻ പരാമർശം (2) പ്രകാരം റദ്ദ് ചെയ്ത ഉത്തരവായിട്ടുള്ളതാണ്. പരാതിക്കാസ്പദമായ ചട്ടലംഘനം റിപ്പോർട്ട് ചെയ്യപ്പെടുന്ന സമയത്ത് ലൈസൻസി മേൽ സൂപ്പർവൈസർ-ബി രജിസ്ട്രേഷൻ അപ്ഗ്രേഡ് ചെയ്ത് ജി6-2732/14/674/എസ്.എ തീയതി 26.9.14 നമ്പർ സൂപ്പർവൈസർ -എ രജിസ്ട്രേഷൻ കരസ്ഥമാക്കിയിരുന്നു. എന്നാൽ മേൽ നിയമലംഘനവുമായി ബന്ധപ്പെട്ട് ലൈസൻസി 26.2.15-ന് സമർപ്പിച്ച വിശദീകരണത്തിൽ സൂപ്പർവൈസർ-ബിയുടെ സീൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. പരാമർശം (2) പ്രകാരം ടിയാന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുള്ളത് ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുകയും പരാമർശം (3) പ്രകാരം ടിയാന് ഹിയറിംഗ് നോട്ടീസ് നൽകുകയുമുണ്ടായി. പരാമർശം (4) പ്രകാരം നടത്തിയ ഹിയറിംഗിൽ ഓഫീസ് ഉന്നയിച്ച 9 ചോദ്യങ്ങളിൽ

9-ാമത്തെ ചോദ്യത്തിന് മറുപടി നൽകുന്നതിന് ടിയാൻ ഒരാഴ്ചത്തെ സമയം ആവശ്യപ്പെടുകയും പരാമർശം (5) പ്രകാരം വിശദീകരണം സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിശദീകരണത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപടികൾ പാലിക്കുന്നതിൽ ലൈസൻസി അച്ചടക്കലംഘനം നടത്തിയിട്ടുള്ളതായി വ്യക്തമാക്കുന്നു.

പരാമർശം (4) പ്രകാരമുള്ള ഹിയറിംഗും പരാമർശം (5) പ്രകാരമുള്ള വിശദീകരണവും പൂർണ്ണമായും തൃപ്തികരമല്ല. എന്നിരുന്നാലും പരാമർശം (5) പ്രകാരം തനിക്ക് ഇതല്ലാതെ മറ്റ് ജീവതമാർഗ്ഗമില്ലെന്നും പ്രവൃത്തിപരിചയത്തിലെ കുറവ് കൊണ്ട് വന്നിട്ടുള്ള വീഴ്ച മാപ്പാക്കണമെന്നുമുള്ള ലൈസൻസിയുടെ അപേക്ഷയും പരിഗണിച്ച് ശ്രീ.ആന്റണി ഷൈജു.എ.എ-യുടെ ജി6-2732/14/674/എസ്എ നമ്പർ സൂപ്പർവൈസർ-എ രജിസ്ട്രേഷൻ 01.03.19 തീയതി മുതൽ 3 മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപടികൾ മേൽ പ്രകാരം റദ്ദ് ചെയ്തും ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.എ.എ.ആന്റിണി ഷൈജു. കെ.എം.ബി.ആർ നിഷ്ക്കർഷിക്കുന്ന വിധമുള്ള യാതൊരു ചുമതലകളും നിർവ്വഹിക്കാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രേഖപ്പെടുത്തുന്നതിനായി അസ്സൽ രജിസ്ട്രേഷൻ രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

ടി.ആർ.റാം മോഹൻ റോയ്
റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്)

Sri. Antony Shaiju.A.A
Akkunnath (H)
Kadebmagam
13/1314B (New)
Palluruthy
Cochin - 682006

പകർപ്പ്; 1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം കോഴിക്കോട്
4) മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

ആർ/08.02..